വചനബോധി

# കാരുണികൻ

Vol.17 No.10 October 2020

സമഗ്രദൈവശാസ്ത്രമാസിക

# സീറോ മലങ്കര

Karunikan Magazine
Perumanoor P.O
Thevara - 682 015, Cochin
0484- 2663933, 9496468035
www.karunikan.com
vachanabodhik@gmail.com

www.malankaralibrary.com

# വചനബോധി
## സീറോമലങ്കര

**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ജെറിൻ വലിയപറമ്പിൽ
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ

## ഉള്ളടക്കം

**നവംബർ 01**
കൂദോശ് ഈത്തൊ ഞായർ : 03
മത്താ 16:13 -23
- ഡോ. പോൾ കുഞ്ഞാനയിൽ mcbs
- ഫാ. അജോ കളപ്പുരയിൽ

**നവംബർ 08**
ഹൂദോസ് ഈത്തൊ ഞായർ : 06
യോഹ 2:13-22
- ഡോ. പോൾ കുഞ്ഞാനയിൽ mcbs
- ഫാ. മാർട്ടിൻ പ്രേമാനന്ദ് oic

**നവംബർ 15**
സ്കറിയായോടുള്ള അറിയിപ്പ് : 11
ലൂക്കാ 1:5-25
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. സിബി പൂവത്തുംതറ

**നവംബർ 22**
വി. ദൈവമാതാവിനോടുള്ള അറിയിപ്പ് : 17
ലൂക്കാ 1:26-38
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ഏബ്രഹാം നടുവിലേടം

**നവംബർ 29**
വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു : 26
ലൂക്കാ 1:39-56
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. അബ്രഹാം പ്രസാദ് ചിറയിൽ oic

www.malankaralibrary.com

വചനബോധി
സീറോമലങ്കര

നവംബർ
01

# കൂദോശ് ഈത്തൊ ഞായർ

# ഭാഷ്യം

## മത്താ 16:13-23

## സന്ദർഭം

ശരിയായ അറിവുകളും അവയിലേക്ക് നയിക്കുന്നതിനായി അവശ്യാവശ്യം ഉണ്ടായിരിക്കേണ്ട ശരിയായ പ്രബോധനങ്ങളുമാണ് മത്തായി 16-ന്റെ ഉള്ളടക്കം. തെറ്റായപ്രബോധനങ്ങളെക്കുറിച്ചു കരുതലുള്ളവരായിരിക്കണം എന്ന മുന്നറിയിപ്പും ഇവിടെയുണ്ട്. തന്നെക്കുറിച്ചുള്ള ശിഷ്യന്മാരുടെ അറിവ് ഈശോ പരിശോധിക്കുന്നതാണ് ഇന്നത്തെ സുവിശേഷസന്ദർഭം.

## സാരം

ഈശോ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന തിരിച്ചറിവിലേക്ക് പത്രോസും മറ്റു ശിഷ്യന്മാരും എത്തിച്ചേർന്നുകഴിഞ്ഞു. ആ അറിവ് സഭയുടെ അടിത്തറയാകാൻ പത്രോസിനെ പ്രാപ്തനാക്കി. എന്നാൽ ക്രിസ്തു തന്റെ ദൗത്യനിർവഹണത്തിനായി തെരഞ്ഞെടുത്ത ദൈവഹിതപ്രകാരമുള്ള സഹനത്തിന്റെ പാത പത്രോസിനു സ്വീകാര്യമായിരുന്നില്ല. ഈശോയുടെ സഹനവഴിയിൽ തടസ്സം നിൽക്കുന്ന പത്രോസ് അങ്ങനെ ദൈവത്തെ എതിരിടുന്ന സാത്താനായി മാറുകയാണ്.

## സന്ദേശം

കഷ്ടപ്പാടുകളെയും സഹനങ്ങളെയും സൂത്രത്തിൽ ഒഴിവാക്കിക്കൊണ്ടുള്ള രീതികൾ ദൈവികമല്ല, മാനുഷികമാണ്. അതൊരു വ്യക്തിയെ ക്രിസ്തുനിഷേധിയാക്കി മാറ്റുന്നു. തിരുവചനങ്ങളിലൂടെയും സഭാപ്രബോധനങ്ങളിലൂടെയും വിശുദ്ധരുടെ ജീവിതസാ ക്ഷ്യങ്ങൾ മനസ്സിലാക്കുന്നതിലൂടെയും ശരിയായ അറിവുകളിലേക്കെത്തിച്ചേരുന്നത് ക്രിസ്തുമാർഗത്തിൽ ചരിക്കാൻ നമ്മെ സഹായിക്കുന്നു.

**ഡോ. പോൾ കുഞ്ഞാനായിൽ mcbs**



www.malankaralibrary.com

# പ്രസംഗം

## പ്രവാചകന്മാരുടെ നാഥൻ

സ്വന്തം സാമ്രാജ്യം കെട്ടപ്പടുക്കാൻ നിഷ്കരുണം മാനവികത തച്ചുടയ്ക്കപ്പെടുന്ന നരനായാട്ടിന്റെ പോർമുഖത്തുനിന്നാണ് പ്രവാചകന്മാരുടെ നാഥനായ സർവാധിപതിയുടെ സുവിശേഷവിചിന്തനം. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം നമ്മൾ ധ്യാനിക്കാൻ തുടങ്ങിയിട്ട് നാളുകുറേയായി. എന്നാൽ അന്ന് ഉയർന്ന ആ ചോദ്യത്തിന് വ്യക്തിപരമായി ഒരു ഉത്തരം നൽകാൻ നമുക്കിനിയും കഴിഞ്ഞിട്ടുണ്ടോ? അടിവേര് വെട്ടാൻ നില്ക്കുന്നവന്റെ കൈയിലെ കോടാലിയാവരുത് നമ്മൾ. അതുകൊണ്ട് യേശു ആരെന്നും സഭയെന്തെന്നും നമ്മൾ  അറിഞ്ഞിരിക്കണം.

ഇതുവരെയും എല്ലാവരും ഒന്നാണെന്നുപറഞ്ഞ് ആഘോഷിച്ച ഓണം ചിലരുടെമാത്രമാണെന്ന് പ്രഖ്യാപിക്കുമ്പോഴും നമ്മുടെ സംസാരം പള്ളിയിൽനിന്ന് ഓണക്കിറ്റ് കിട്ടിയില്ലല്ലോ എന്നായിപ്പോയതാണ് സങ്കടം. പിതാക്കന്മാരുടെയോ, വൈദികരുടെയോ, സന്ന്യസ്തരുടെയോ വല്ലകുറ്റവും കുറവുമാണെങ്കിൽ നമ്മൾ ഫോർവേഡ് ചെയ്യും കമന്റും ചെയ്യും. എന്നാൽ സഭ ചെയ്യുന്ന ആയിരക്കണക്കിന് നന്മകളോ, സമർപ്പണജീവിതങ്ങളുടെ ത്യാഗങ്ങളോ ആരും ചർച്ച ചെയ്യുന്നില്ല എന്നതാണ് വേദന. തെറ്റുകൾ തെറ്റുകൾതന്നെയാണ്. എന്നാൽ എല്ലാവരും തെറ്റാണ് എന്ന് ചിന്തിക്കുന്നത് ശരിയാണോ? ഒരാത്മവിമർശനം നല്ലതാണെന്ന് തോന്നുന്നില്ലേ.

ഈ സുവിശേഷഭാഗത്തിന്റെ പ്രധാനചിന്ത ഇതാണ്. യേശുക്രിസ്തു എനിക്കാരാണ്? യേശുനാമത്തിലും അവൻ നേടിത്തന്ന രക്ഷയിലും വിശ്വസിക്കുന്ന ക്രിസ്ത്യാനിക്ക് അവന്റെ മതം ഒരു വിമർശനമായിട്ടില്ല. തെളിച്ച് പറഞ്ഞാൽ, ക്രിസ്തുവിന്റെ നാമധാരികൾക്ക് യേശുക്രിസ്തുവിനെ ഇനിയും അറിയില്ല. അവനെ അറിഞ്ഞവരും അവൻ വികാരമായവരും അവനുവേണ്ടി മരിക്കാൻപോലും തയ്യാറാണ് എന്നതും വിളിച്ചുപറയേണ്ട സത്യം.



www.malankaralibrary.com

മാംസരക്തങ്ങൾ അഥവാ മനുഷ്യബുദ്ധി പറയുന്ന വിശ്വാസത്തിന് പിന്നാലെ പോകാനല്ല സഭ ആഹ്വാനം ചെയ്യുന്നത്. മറിച്ച്, സ്വർഗസ്ഥനായ പിതാവിന്റെ വെളിപാടുകളെയും അവിടുന്ന് അയച്ച പുത്രനായ യേശുമിശിഹായെയും അവിടുത്തെ മാറ്റമില്ലാത്ത വചനത്തെയുമാണ് നമ്മൾ ധീരമായി പിൻചെല്ലേണ്ടത്. യേശുവിനുവേണ്ടി  മരിക്കേണ്ടിവന്നാൽ സന്തോഷത്തോടെ തയ്യാറാകേണ്ടവരല്ലേ നമ്മൾ.

ജനങ്ങൾ തന്നെക്കുറിച്ച് എന്തു പറയുന്നു എന്നറിയാനുള്ള ആകാംക്ഷകൊണ്ടല്ല കർത്താവ് അഭിപ്രായം ചോദിച്ചത്; മറിച്ച്, ശിഷ്യന്മാർ തന്നെക്കുറിച്ചുള്ള വ്യത്യസ്താഭിപ്രായങ്ങളെ എങ്ങനെ നോക്കിക്കാണുന്നു എന്നറിയാനാണ്. ലോകം എന്തും പറഞ്ഞുകൊള്ളട്ടെ, ശാസ്ത്രം എത്രയും വളർന്നോട്ടെ, എല്ലാ സഹനങ്ങളുടെയും പരിഹാസങ്ങളുടെയും നടുവിലും ക്രൂശിതന്റെ മുദ്രയും അടയാളവും ധരിച്ച നമ്മൾ യേശുവിൽനിന്നും അവന്റെ സത്യസഭയിൽനിന്നും മാറിപ്പോകരുത്. നിന്ദനങ്ങളും പീഡനങ്ങളുമാണ് നമ്മെ കാത്തിരിക്കുന്നത്. പകച്ചുനിൽക്കാതെ ധീരമായി യേശുക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് ഒരു പടയാളിയുടെ ചങ്കുറപ്പോടെ രക്തസാക്ഷിത്വത്തിന് ഒരുങ്ങാനുള്ള ആഹ്വാനമാണ് ഈ സുവിശേഷം.

ജീവൻ നൽകുന്നവനാണ് യഥാർത്ഥദൈവം. ജീവനില്ലാത്തവനെപ്പോലും ജീവിപ്പിച്ചവനാണ് യേശു. പത്രോസ് പറഞ്ഞ മറുപടിയും അതാണ്! 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.' ജീവനെടുക്കുന്ന പ്രവർത്തി എങ്ങനെ ദൈവീകമാകും? അതിൽതന്നെ ഒരു പൈശാചികത തെളിവാണല്ലോ. ജീവനുണ്ടാകാനും അത് സമൃദ്ധമാകാനുംവേണ്ടി മനുഷ്യനായി അവതരിച്ച യേശുക്രിസ്തു പ്രവാചകന്മാരിലൊരുവനല്ല, പ്രവാചകന്മാരുടെ നാഥനാണ്. വാൾമുനമുന്നിലും 'ഹാലേലൂയ' പാടുന്ന ആത്മീയരാവാൻവേണ്ടിയുള്ള  കൃപകൾക്കായി പ്രാർത്ഥിക്കുക.

**ഫാ. അജോ കളപ്പുരയിൽ**



www.malankaralibrary.com

# ഹൂദോസ് ഈത്തൊ ഞായർ

## ഭാഷ്യം

യോഹ 2:13-22

### സന്ദർഭം

ഗലീലിയായിലെ കാനായിൽ തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആദ്യഅത്ഭുതം പ്രവർത്തിച്ചതിനുശേഷം ഏതാനും ദിവസങ്ങൾ കഫർണാമിൽ താമസിച്ച ഈശോ പരസ്യജീവിതത്തിലെ തന്റെ ആദ്യപെസഹാ ആഘോഷത്തിനായി ജറുസലെമിൽ എത്തിയതാണ് ഈ സുവിശേഷസന്ദർഭം.

### സാരം

ദൈവാലയം ശുദ്ധീകരിക്കുന്ന ഈശോയിൽ 'എന്റെ പിതാവിന്റെ' എന്ന ബോധ്യം ആഴത്തിൽ വേരൂന്നിയിരുന്നു. അതവിടുത്തെ കർമനിരതനാക്കി മാറ്റുന്നു. തെറ്റുകൾക്കെതിരെ കയറുകൊണ്ട് ചമ്മട്ടിയുണ്ടാക്കി പ്രതികരിക്കാൻ അവിടുത്തെ പ്രാപ്തനാക്കുന്നു. തന്റെ ശരീരമാകുന്ന ദൈവാലയം പിതാവിനായി തകർക്കപ്പെടാൻവേണ്ടി പോലും വിട്ടുകൊടുക്കാൻ അവിടുത്തെ ശക്തനാക്കി മാറ്റുന്നു. താൻ 'പിതാവിന്റേതാണ്' എന്ന ബോധ്യംതന്നെയാണ് യഹൂദരുടെ ചോദ്യശരങ്ങളെ നേരിടുന്നതിന് ഈശോയെ പ്രാപ്തനാക്കി മാറ്റിയത്.

### സന്ദേശം

തങ്ങൾ 'പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും സ്വന്തമാണ്' എന്ന ബോധ്യമാണ് ക്രൈസ്തവജീവിതത്തിനു എ



www.malankaralibrary.com

ന്നും ദിശ നൽകേണ്ടത്. നാം അവിടുത്തേതുമാത്രമാണ് എന്ന ബോധ്യം മറ്റുള്ളവരുമായും പ്രകൃതിയുമായും നമ്മോടുതന്നെയുമുള്ള ശരിയായ ബന്ധത്തിലേക്ക് പ്രവേശിക്കാൻ നമ്മെ സഹായിക്കും. നാമെടുക്കേണ്ട നിലപാടുകളിൽ വെള്ളം ചേർക്കാതിരിക്കാനുള്ള കരുത്തും അതു നമുക്കു നൽകും.

**ഡോ. പോൾ കുഞ്ഞാനായിൽ mcbs**

---

# പ്രസംഗം

## ഹൃദയദൈവാലയത്തെ വിശുദ്ധീകരിക്കാം

യഹൂദരെ സംബന്ധിച്ചിടത്തോളം ദൈവാലയം പ്രാണവായു പോലെ പ്രധാനപ്പെട്ടതായിരുന്നു. മരുഭൂമിയിൽ അലഞ്ഞും കൂടാരങ്ങളിൽ പാർത്തുമൊക്കെ കഴിഞ്ഞിരുന്ന അവർ സ്വാതന്ത്ര്യാനന്തരം ഒരു സമൂഹമെന്ന നിലയിൽ ബലിയർപ്പണത്തിനായി ജറുസലെം ദൈവാലയത്തിലും സാധാരണപ്രാർത്ഥനാ കൂട്ടായ്മകൾക്കായി സിനഗോഗുകളിലും ഒത്തുചേർന്നിരുന്നു. നിന്റെ കർത്താവായ ദൈവം തെരഞ്ഞെടുക്കുന്ന സ്ഥലമാണ് ദൈവാലയം (നിയ 12:14-18; 14:25; 15:20, 16:17, 15-16; 17:18). എന്ന ശക്തമായ ബോധ്യം ഉണ്ടായിരുന്ന അവർ ദൈവാലയസംബന്ധിയായ കാര്യങ്ങളിൽ പുലർത്തിയ നിഷ്കർഷ അനിതരസാധാരണമായിരുന്നു.

ജറുസലെം ദൈവാലയത്തിനു തുടക്കമിട്ട ദാവീദും പണിപൂർത്തിയാക്കിയ സോളമനും അതിന്റെ നിർമിതിക്കായി ചെലവാക്കിയ പണവും മനുഷ്യവിഭവശേഷിയുമൊക്കെ പരിശോധിക്കുമ്പോൾ ദൈവാലയത്തോടുള്ള അവരുടെ സ്നേഹം അത്രമാത്രം ആഴമാർന്നതായിരുന്നു എന്ന് മനസ്സിലാക്കാം. ദൈവാലയത്തോടുള്ള തന്റെ



www.malankaralibrary.com

ഹൃദയൈക്യത്തെപ്പറ്റി സങ്കീർത്തകൻ ഇങ്ങനെ സംഗ്രഹിക്കുന്നു: "അന്യസ്ഥലത്ത് ആയിരം ദിവസത്തെക്കാൾ അങ്ങയുടെ അങ്കണ ത്തിൽ ഒരു ദിവസം ആയിരിക്കുന്നതു കൂടുതൽ അഭികാമ്യമാണ്" (84:10). ദൈവാലയപുനരുദ്ധാരണത്തെപ്പറ്റി ചിന്തിക്കാതെ, തങ്ങൾ ക്കുള്ള മന്ദിരങ്ങൾ വ്യഗ്രതയോടെ കെട്ടിയുയർത്തി ജീവിച്ചതാണ് ഇസ്രായേലികളുടെ ദുർഗതിക്കു കാരണമെന്നും ദൈവാലയപൂർത്തീ കരണത്തോടെ അവർക്കു സമൃദ്ധിയുണ്ടാകുമെന്നും ഹഗ്ഗായി പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നുണ്ട് (1 :1-15).

ദൈവത്തിന്റെ സജീവവചനങ്ങൾ വിളമ്പിത്തരികയും അവിടു ത്തെ രക്ഷാകരമായ കൂദാശകൾ പരികർമം ചെയ്യുകയും ചെയ്യുന്ന ദൈവാലയം ഒരു വിശ്വാസിക്ക് ജീവന്റെ ഉറവിടവും പ്രത്യാശയുടെ പ്രഭവകേന്ദ്രവുമാകുന്നു. യേശു തന്റെ ശരീരത്തെ ദൈവാലയ ത്തോ ട് ഉപമിച്ചിട്ടുണ്ടല്ലോ (യോഹ 2:19). അങ്ങനെയെങ്കിൽ ഈശോ യുടെ ശരീരത്തിനു നൽകുന്ന ആദരവ് അവിടുന്നു തെരഞ്ഞെടുത്തു സ്ഥാ പിച്ച ദൈവാലയത്തിനും നാം നൽകേണ്ടിയിരിക്കുന്നു. അത്യപൂർവ മായ രീതിയിലാണ് ദൈവാലയത്തിൽ ഈശോയുടെ പ്രതികര ണം. ഇത്ര ക്രുദ്ധനായി ഈശോയെ ബൈബിളിൽ ഒരിട ത്തും നാം കാ ണുന്നില്ല. അവന്റെ രോഷം ഇത്ര ശക്തമാകാനുള്ള കാരണം സുവി ശേഷംതന്നെ പറയുന്നുണ്ട്. 1. ദൈവാലയം കച്ചവട സ്ഥലമാക്കി 2. അത്എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാസ്ഥല മായി പരിണമി ച്ചില്ല (ലൂക്കാ11:17). വിശ്വാസിക്കു പ്രാർത്ഥിക്കാനുള്ള തോന്നലുണർ ത്തുന്നതും അയാളെ പ്രാർത്ഥനയിൽ വളർത്തുന്നതുമായ ഇടമായി രിക്കണം പ്രഥമത: ദൈവാലയം. എന്തെല്ലാം ജീവകാരുണ്യപ്രവർ ത്തനങ്ങൾ നടത്തിയാലും സാംസ്കാരിക മുന്നേറ്റത്തി നു നേതൃത്വം കൊടുത്താലും ആത്മീയ വളർച്ചയിൽ വിശ്വാസിയെ കൂടെയായി രുന്നു സഹായിക്കാത്ത ദൈവാലയം സ്വധർമം നിർവഹിക്കുന്നില്ല.

ജറുസലെം ദൈവാലയത്തിൽ ആടുമാടുകളുടെയും പ്രാവുക ളുടെയും മറ്റും വ്യാപാരവും നാണയമാറ്റവുമൊക്കെ ഉണ്ടായിരുന്നത് ഒരനുഗ്രഹംതന്നെയായിരുന്നു. കാരണം, തീർത്ഥാടകരായി ദൂരദേശ ത്തുനിന്ന് എത്തുന്നവർക്കും വിദേശകറൻസി മാറി എടുക്കേണ്ടവ ർക്കും അത് ഉപകാരപ്പെട്ടിരുന്നു. എന്നാൽ അവിടെയും അന്യായം നിലനിന്നിരുന്നു. അവിടുത്തെ വ്യാപാരശാലകളുടെ നടത്തിപ്പ് പ്രധാ



www.malankaralibrary.com

നമായും മുഖ്യപുരോഹിതനായ അന്നാസിന്റെയും കയ്യാഫാസിന്റെയും വേണ്ടപ്പെട്ടവർക്കാണ് നൽകപ്പെട്ടിരുന്നത്. നാണയം മാറിയെടുക്കുന്നതിൽ അമിതമായ നിരക്കായിരുന്നുതാനും. ചുരുക്കത്തിൽ, സ്വജനപക്ഷപാതവും അമിതലാഭവുമെല്ലാം ആ സ്ഥലത്തെ കളങ്കമാക്കി. ഈ കച്ചവടമൊക്കെ നടന്നതാകട്ടെ വിജാതിയർക്കായി ഒരുക്കിയിരുന്ന മണ്ഡപത്തിലും (ആരാധനയിൽ പങ്കെടുക്കുന്ന പുരോഹിതർ/ സാധാരണവിശ്വാസികൾ, സ്ത്രീകൾ, വിജാതിയർ എന്നിവർക്കായി വ്യത്യസ്തസ്ഥലങ്ങളാണ് ക്രമീകരിച്ചിരുന്നത്).

കച്ചവടസ്ഥലത്ത് സ്വഭാവികമായുണ്ടാകുന്ന ബഹളങ്ങളും വിലപേശലുകളുമൊക്കെ കാരണം വിജാതീയർക്കു സ്വസ്ഥമായി ആരാധനാകർമങ്ങളിൽ പങ്കെടുക്കാൻ സാധിക്കുമായിരുന്നില്ല. അങ്ങനെ രണ്ടുവിധത്തിൽ ആളുകൾ ഞെരുക്കപ്പെട്ടു. വിജാതിയർ ആരാധനാ സ്വാതന്ത്ര്യത്തിന്റെയും അവരും മറ്റുള്ളവരും ആരാധനാ വസ്തുക്കളുടെ വിലയുടെയും കാര്യത്തിൽ.

നമ്മുടെ പല സേവനപ്രവർത്തനങ്ങളും ആരംഭിക്കുന്നത് നല്ല ലക്ഷ്യത്തോടെതന്നെയാണ്. എന്നാൽ കുറെക്കഴിയുമ്പോൾ സ്ഥാപനവത്ക്കരണം സംഭവിച്ചേക്കാം. പൊതുനന്മയെന്ന ആദർശത്തിൽനിന്നു വ്യതിചലിച്ച് ലാഭേച്ഛമാത്രം ലക്ഷ്യംവച്ചെന്നുവരാം. സ മൂഹത്തിൽ ഏറ്റം പിന്നാമ്പുറത്തുള്ളവർക്ക് നമ്മുടെ സേവനം ലഭ്യമായില്ലെന്നുവരാം.

ദൈവാലയം പണിയപ്പെട്ടിരിക്കുന്നത് അതിലെ അംഗങ്ങളായിരിക്കുന്നവർക്കു മാത്രമായിട്ടല്ല, മറിച്ച് അത് എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനാലയമാണ്. അവിടെ നാം അനുഭവിക്കുന്ന ദൈവസ്നേഹം പുറത്തേക്ക് ഒഴുകിയെത്തണം. അവിടെ കണ്ടുമുട്ടുന്ന യേശുവിനെ നമ്മൾ മറ്റുള്ളവർക്കു പരിചയപ്പെടുത്തണം. രക്ഷയുടെ അനുഭവം എല്ലാവർക്കുമായി പങ്കിടണം. ദിവ്യസ്നേഹമാകുന്ന മേശയ്ക്കുചുറ്റും എല്ലാവരും ഒന്നിച്ചുചേർന്നുനിന്ന് ദൈവത്തെ മഹത്വപ്പെടുത്തണമെന്ന് അഭിലഷിക്കുകയും അതിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.



www.malankaralibrary.com

യേശുവിന്റെ ദൈവാലയശുദ്ധീകരണം കണ്ട ശിഷ്യന്മാർ, അവൻ എന്തോ അതിക്രമം കാട്ടിയെന്ന നിലയിലല്ല ചിന്തിച്ചത്. 'അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത എന്നെ വിഴുങ്ങിക്കളയും' എന്ന സങ്കീർത്തകന്റെ മനോഭാവമാണ് അവർക്ക് ഓർമവന്നത്. ദൈവത്തോട് ഒരു വ്യക്തിക്കുള്ള സ്നേഹത്തിന്റെ അടയാളം തന്നെയാണ് ദൈവാലയത്തോടുള്ള അയാളുടെ സ്നേഹവും. അതുകൊണ്ട് ദൈവാലയം കളങ്കപ്പെടുമെന്നു തോന്നുമ്പോൾ രോഷം തോന്നാതെ വരുന്നതാണ് കുഴപ്പം. വേദനയിൽനിന്ന് ഉറവെടുത്ത ധാർമികരോഷമായിരുന്നു ചാട്ടവാറെടുക്കാൻ ഈശോയെ പ്രേരിപ്പിച്ചത്.

ദൈവാലയത്തിന്റെ / സഭയുടെ തിരുത്തൽ ശക്തികളാകാൻ നമുക്കു സാധിക്കണം. അതിന്റെയർത്ഥം ദൈവാലയത്തെ /സഭയെ അപഹാസ്യമാക്കി പൊതുജനമധ്യത്തിൽ അവതരിപ്പിക്കുകയെന്നല്ല. ഈശോയെപ്പോലെ അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീഷ്ണതയാണോ എന്റെ വിമർശനത്തിന്റെ ആധാരം? അതോ, സ്വാർത്ഥചിന്തകളോ? സ്നേഹത്തിൽ നിറഞ്ഞ്, തീഷ്ണതയിൽ ജ്വലിച്ച്, വേണ്ടരീതിയിൽ, വേണ്ട സ്ഥലത്ത്, വേണ്ട സമയത്ത് നമുക്ക് തിരുത്തലുകൾ നൽകാം. നമ്മുടെ ദൈവാലയങ്ങൾ വെറും കെട്ടിടങ്ങൾമാത്രമായി നിലനിൽക്കാതെ സ്നേഹചൈതന്യം പ്രസരിക്കുന്നതും നീതി പ്രവർത്തിക്കുന്നതും ചുറ്റുമുള്ള ഏറ്റം നിസ്സാരരെപ്പോലും കരുതുന്നതും ഏവർക്കുമായി തുറക്കപ്പെട്ടിരിക്കുന്നതുമായ ആലയങ്ങളാക്കി നമുക്കു മാറ്റാം.

**ഫാ. മാർട്ടിൻ പ്രേമാനന്ദ് oic**



www.malankaralibrary.com

നവംബർ
15

# സ്കറിയായോടുള്ള അറിയിപ്പ്

## ഭാഷ്യം

### ലൂക്കാ 1:5-25

### സന്ദർഭം

യേശുവിന്റെ മുന്നോടിയായിവന്ന സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള വിവരണം ലൂക്കാ സുവിശേഷകൻ മാത്രമേ നൽകുന്നുള്ളൂ. മറ്റ് ഗ്രന്ഥകർത്താക്കൾ നൽകിയിട്ടുള്ള അറിവുകൾ സൂക്ഷ്മമായി പഠിച്ചശേഷം ലൂക്കാ സുവിശേഷകൻ, യേശുവിനെ തന്റേതായ ദൈവശാസ്ത്ര, ക്രിസ്തുശാസ്ത്ര, ചരിത്രബന്ധിയായി കേട്ടറിഞ്ഞ കാര്യങ്ങളുടെ വിശ്വാസ്യത യുക്തിസഹമായി അവതരിപ്പിക്കാനാണെന്ന ആമുഖപ്രസ്താവനയോട് (1:1-4) ചേർത്തുവേണം ഈ പാഠഭാഗം ഉൾക്കൊള്ളാൻ. അതുകൊണ്ടുതന്നെ രക്ഷാകരചരിത്രത്തിന്റെ പഴയനിയമപാരമ്പര്യങ്ങളുടെ ഒരു കണ്ണിയെ യേശുസംഭവവുമായി ബന്ധിപ്പിക്കുന്നതാണ് ഈ വചനഭാഗത്തിന്റെ സന്ദർഭം.

### സാരം

പഴയനിയമപാരമ്പര്യങ്ങളിൽ ശ്രദ്ധാർഹമായ ഒന്നാണ് മനുഷ്യന്റെ അസാധ്യതകളിൽ ദൈവം ഇടപെടുന്നത്. അബ്രാഹത്തിനും സാറായ്ക്കും സന്താനഭാഗ്യം അസാധ്യമായി കരുതിയ സമയത്ത് ദൈവം മകനെ നൽകി അനുഗ്രഹിച്ചതുപോലെ (ഉത്പ 21:2), ഹന്നായ്ക്കും ഏൽക്കാനയ്ക്കും സാമുവൽ ജനിച്ചതുപോലെ (1 സാമു 1:20) സഖറിയായുടെയും എലിസബത്തിന്റെയും വസതിയിലേക്ക് ദൈവം കടന്നുവരുകയും യോഹന്നാന്റെ ജനനത്തിന് സാഹചര്യം ഒരുക്കുകയും ചെയ്യുന്നതാണ് പ്രമേയം.



www.malankaralibrary.com

## സന്ദേശം

1. വിവരണം ആരംഭിക്കുന്നത് ലോകചരിത്രത്തിന്റെ ചട്ടക്കൂടിലാണ് (ഇദുമയനായ അന്തിപ്പാത്തറിന്റെ മകൻ മഹാനായ ഹേറോദേസായിരുന്നു ബി.സി 40 മുതൽ പാലസ്തീനായിലെ രാജാവായിരുന്നത്). 'സഖറിയ' എന്ന ഹെബ്രായനാമത്തിന്റെ അർത്ഥം 'യാഹ്‌വേ ഓർമിച്ചിരിക്കുന്നു' എന്നാണ്. 24 ഗണമായി തിരിച്ചിരിക്കുന്ന യഹൂദപുരോഹിതരിൽ എട്ടാമത്തെ ഗണമാണ് അബിയായുടേത്. വർഷത്തിൽ രണ്ടുപ്രാവശ്യമാണ് അവർക്ക് അൾത്താരശുശ്രൂഷ ലഭിക്കുന്നത്. എലിസബത്ത് എന്നതിന്റെ അർത്ഥം 'എന്റെ ദൈവത്തിന്റെ പ്രതിജ്ഞ' എന്നാണ്. സദ്വാർത്തക്ക് ദ്വിമാനമുണ്ട്. പഴയനിയമത്തിന്റെ വേരുകളിൽനിന്നാണ് അത് പടർന്നുപന്തലിക്കുന്നത്. അതുപോലെ അതു വർത്തമാനകാലത്തെ പ്രതിബിംബിപ്പിക്കുകയും ചെയ്യുന്നു. അവരുടെ ജീവിതവും ആത്മീയതയും ഈ രണ്ടു മാനങ്ങളിലൂടെ നാം പടുത്തുയർത്തണം. പഴയനിയമം പാടേവിസ്മരിക്കാതെ പുതിയതിൽ ചേർത്തുപിടിച്ചുവേണം നമ്മുടെ ജീവിതശുശ്രൂഷയും അർത്ഥവത്താക്കാൻ.

2. സഖറിയാ – എലിസബത്ത് ദമ്പതികളെ പരിചയപ്പെടുത്തുന്നത് ശ്രദ്ധിക്കാം: 'അവർ ദൈവസന്നിധിയിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു' (1:6). അവർക്കാണ് മക്കളില്ലാതിരുന്നത്. പുണ്യത്തിൽ കഴിയുന്നവർക്കും പ്രത്യക്ഷത്തിൽ ദൈവാനുഗ്രഹത്തിന്റെ അടയാളമായി മക്കളെ ലഭിക്കേണ്ടതാണ്. എന്നാൽ മക്കളുണ്ടാകുമെന്ന പ്രതീക്ഷപോലും നഷ്ടപ്പെടുന്ന പ്രായം കവിഞ്ഞിട്ടും തങ്ങളുടെ ആത്മീയാനുഷ്ഠാനങ്ങളോ നീതിനിഷ്ഠമായ ജീവിതമോ അവർ ഉപേക്ഷിക്കുന്നില്ല. ദൈവത്തിനുമുമ്പിൽ 'കാത്തിരിപ്പ്' ഫലശൂന്യമാകില്ല. 'ഭഗ്നാശരാകാതെ പ്രാർത്ഥിക്കണം' എന്ന് യേശു പഠിപ്പിക്കുന്നുണ്ടല്ലോ (ലൂക്കാ 18:1). വ്യർത്ഥമായ ഭൗതികനേട്ടങ്ങളോ അവസ്ഥകളോ നമ്മുടെ ആത്മീയതയെ സ്വാധീനിക്കാൻ പാടില്ല. ജീവിതത്തിന്റെ ഉയർച്ചതാഴ്ചകളിൽ ദൈവത്തോടുള്ള നമ്മുടെ ബന്ധം നിരന്തരം നിലനിർത്താനുള്ള ക്ഷണമാണ് ഈ വൃദ്ധദമ്പതികൾ നമുക്ക് തരുന്നത്. വിശ്വാസവും ആത്മീയതയും ഏറെ ചോദ്യം ചെയ്യപ്പെടുന്ന കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ ദമ്പതികളുടെ വിശ്വാസവും ജീവിതവും നമുക്ക് പ്രതീക്ഷ നൽകട്ടെ.



www.malankaralibrary.com

3. നിന്റെ സന്തോഷം നിന്നിൽ ഒതുങ്ങാനുള്ളതല്ല. വിശുദ്ധഗ്രന്ഥത്തിലെ സദ്വാർത്ത ഒരിക്കലും വ്യക്തികേന്ദ്രീകൃതമല്ല. അത് 'ജന'ത്തിന്റെ പൊതുവായ സന്തോഷമാണ്. യോഹന്നാന്റെ ജനനം സഖറിയാ - എലിസബത്ത് ദമ്പതികളുടെ 'അപമാനം നീക്കിക്കളയുന്നു' എന്ന സദ്വാർത്തയുണ്ട് (1:25). എന്നാൽ അതിനുമപ്പുറം 'അനേകർ അവന്റെ ജനനത്തിൽ ആഹ്ലാദിക്കും' (1:14). ഇന്ന് നമുക്ക് ലഭ്യമാകുന്ന അനുഗ്രഹങ്ങൾ നമ്മുടെ സ്വന്തമായി കരുതി ജീവിക്കുന്നവരാണ് നാം. നമുക്ക് ലഭിക്കുന്ന ദൈവികദാനങ്ങൾ മറ്റുള്ളവർക്ക് ആനന്ദിക്കാനുള്ള അവസരമാക്കണം. അണുകുടുംബവ്യവസ്ഥിതിയിലേക്ക് ചുരുങ്ങിയിരിക്കുന്ന നാം മക്കളെപ്പോലും നാലുമതിൽക്കെട്ടിനുള്ളിലാക്കിയിരിക്കുന്നു. നമ്മുടെ മക്കൾ സമൂഹത്തിന് നന്മയും സന്തോഷവും നൽകുന്നവരാകുമ്പോഴാണ് നമ്മുടെ ജീവിതം സാർത്ഥകമാകുന്നത്. അങ്ങനെയാണ് യോഹന്നാന്റെ ജനനത്തിൽ ജനം മുഴുവൻ സന്തോഷിക്കുന്നതായി നാം കാണുന്നത് (1:58). അകലം പാലിച്ച്, സമ്പർക്കം പരിമിതപ്പെടുത്തി, കാതും വായും മൂടിക്കെട്ടി ജീവിക്കാൻ നിരന്തരം പരിശീലിക്കുമ്പോൾ, മനസ്സുകൊണ്ട് അകലം പാലിക്കാതിരിക്കാൻ നമുക്ക് ശ്രദ്ധാലുക്കളാകാം.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## വിശുദ്ധജനനം

മിശിഹായുടെ മനുഷ്യാവതാരത്തിനുവേണ്ടിയുള്ള ഒരുക്കത്തിന്റെ കാലമാണ് മംഗലവാർത്താക്കാലം. അതിൽ നിർണായകപങ്കുവഹിച്ച വ്യക്തികളോടുള്ള ദൈവത്തിന്റെ അറിയിപ്പാണ് ഈ കാലത്തിലെ പ്രധാന ധ്യാനവിഷയം: മിശിഹായുടെ മാതാവാകാൻ തെരഞ്ഞെടുക്കപ്പെട്ട പരി. കന്യകാമറിയം, മിശിഹായുടെ മുന്നോടിയാകാൻ തെരഞ്ഞെടുക്കപ്പെട്ട സ്നാപകയോഹന്നാന്റെ മാതാപിതാക്കൾ, മിശിഹായുടെ വളർത്തുപിതാവാകാൻ തെരഞ്ഞെടുക്കപ്പെട്ട വി. യൗസേപ്പ്. മിശിഹായ്ക്ക് വഴിയൊരുക്കാൻ വിളിക്കപ്പെട്ട സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് ലൂക്കാ 1:5-25 ലെ പ്രതിപാദ്യം.



www.malankaralibrary.com

### 1. ദൈവാലയ കേന്ദ്രീകൃത ക്രിസ്തീയജീവിതം

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് സഖറിയായ്ക്ക് ലഭിക്കുന്നത് ദൈവാലയത്തിൽവച്ചാണ് (1:9). ദൈവാലയപശ്ചാത്തലത്തിലാണ് ബാല്യകാലസുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും. ബാല്യകാലവിവരണത്തിന്റെ അവസാനം പരി.അമ്മയും വി. യൗസേപ്പും യേശുവിനെ ദൈവാലയത്തിൽ കണ്ടുമുട്ടുന്നു (ലൂക്കാ 2:41–52). ക്രിസ്തീയജീവിതം ആരംഭിക്കുന്നതും വളരുന്നതും പൂർത്തിയാകുന്നതും കർത്താവിന്റെ ആലയത്തിലാണ്. സഖറിയ ദൈവതിരുമുമ്പിൽ ധൂപമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന സമയത്താണ് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് സന്ദേശം നൽകുന്നത് (ലൂക്കാ 1:10–11). ദൈവികഇടപെടലിന്റെ ഏറ്റവും മഹത്തായ മുഹൂർത്തമാണ് ആരാധന. പരി. അമ്മയോടു ചേർന്ന് പ്രാർത്ഥനയിൽ മുഴുകിയിരുന്ന ശിഷ്യസമൂഹം പരിശുദ്ധാത്മാഭിഷേകത്താൽ നിറഞ്ഞു (അപ്പ 1:14). പ്രാർത്ഥനയുടെ മധ്യേയാണ് സഖറിയായ്ക്ക് അറിയിപ്പ് ലഭിക്കുന്നത്. "ജനക്കൂട്ടംമുഴുവൻ വെളിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (ലൂക്കാ 1:10). യേശുവിന്റെ പ്രാർത്ഥനാജീവിതത്തെക്കുറിച്ച് പറയുമ്പോൾ ലൂക്കാ ആവർത്തിച്ച് ഉപയോഗിക്കുന്ന പദം 'പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ' എന്നതാണ് (3:21, 9:29). നിരന്തരം പ്രാർത്ഥനയിലായിരുന്ന ക്രിസ്തുവിന്റെ ജീവിതം - പൂർത്തിയാകുന്നതും പ്രാർത്ഥനയിലാണ്. കുരിശിൽ കിടന്ന് സങ്കീർത്തനം 31:5 ഉരുവിട്ട് പ്രാർത്ഥിച്ചുകൊണ്ടാണ് തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ അവൻ സമർപ്പിച്ചത്. ക്രിസ്തീയജീവിതം വളർച്ചപ്രാപിക്കുന്നത് പ്രാർത്ഥനയിലാണ്.

### 2. ജനത്തെ ഓർക്കുകയും കാരുണ്യം കാണിക്കുകയും ചെയ്യുന്ന ദൈവം

'സഖറിയ' എന്ന വാക്കിന്റെ അർത്ഥം 'യാഹ്‌വേ ഓർമിച്ചിരിക്കുന്നു' എന്നാണ്. 'യോഹന്നാൻ' എന്ന വാക്കിന്റെ അർത്ഥം 'ദൈവം കരുണ ചെയ്തു' എന്നാണ്. തന്റെ ജനത്തെ ഓർക്കുകയും അവരോട് കാരുണ്യം കാണിക്കുകയും ചെയ്യുന്ന ദൈവത്തെയാണ് ഈ സംഭവങ്ങൾ അവതരിപ്പിക്കുന്നത്. പരി. അമ്മ തന്റെ സ്തോത്രഗീതത്തിൽ ഇപ്രകാരം പാടി: "അവിടുത്തെ ഭക്തരുടെമേൽ തലമുറകൾതോറും അവിടുന്ന് കരുണ വർഷിക്കും" (ലൂക്കാ 1:50). ദൈവം തന്റെ ഭക്തരുടെമേൽ ചൊരിയുന്ന അനന്തമായ കരുണയുടെ പ്രതി



www.malankaralibrary.com

ഫലനങ്ങളാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരവും അതിനോടനുബന്ധിച്ചുള്ള സംഭവങ്ങളും. ലൂക്കാ 1:54-ൽ പരി. മറിയം പറയുന്നു: "തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു." തന്റെ ജനത്തെ അനുസ്മരിക്കുന്ന ദൈവം പിതാക്കന്മാർക്ക് നൽകിയ വാഗ്ദാനം ഇവിടെ പൂർത്തീകരിക്കുകയാണിപ്പോൾ (ഉത്പ 3:15).

**3. മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്:**

ലൂക്കാ 1:7-ൽ എലിസബത്തിനെക്കുറിച്ചും സഖറിയായെക്കുറിച്ചും പറയുന്നതിങ്ങനെയാണ്: "അവർക്ക് മക്കളുണ്ടായിരുന്നില്ല; എലിസബത്ത് വന്ധ്യയായിരുന്നു. ഇരുവരും പ്രായം കവിഞ്ഞവരുമായിരുന്നു." മാനുഷികമായി ചിന്തിച്ചാലും ശാസ്ത്രീയമായി നോക്കിയാലും അവർക്കിനിമക്കളുണ്ടാകില്ല. പക്ഷേ അസാധ്യതകളെ സാധ്യതകളാക്കാൻ ദൈവത്തിന് കഴിയും. പരി. അമ്മയ്ക്ക് ഗബ്രിയേൽ ദൂതൻ നൽകുന്ന അടയാളം എലിസബത്തിന്റെ അടയാളമാണ്. ഈ അടയാളം നൽകിക്കൊണ്ട് ദൈവദൂതൻ പറഞ്ഞു: "ദൈവത്തിന് ഒന്നും അസാധ്യമല്ല" (1:37).

**4. പ്രതിസന്ധിഘട്ടത്തിലും ദൈവത്തിൽ ആശ്രയിക്കുന്നവരെ അവിടുന്ന് കൈവിടുകയില്ല**

സഖറിയ - എലിസബത്ത് ദമ്പതികൾ "ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു" (ലൂക്കാ 1:6). അവരുടെ ജീവിതത്തിൽ ദൈവം ഇടപെടുന്നതിനുള്ള പ്രധാനകാരണവും അതായിരുന്നു. ജലപ്രളയത്തിൽനിന്ന് നോഹയും കുടുംബവും രക്ഷപെടുന്നതിനുള്ള പ്രധാനകാരണവും ഇതായിരുന്നു: "നോഹ നീതിമാനായിരുന്നു. ആ തലമുറയിലെ കറയറ്റ മനുഷ്യൻ. അവൻ ദൈവത്തിന്റെ മാർഗത്തിൽ നടന്നു" (ഉത്പ 6:9). അബ്രാഹത്തോട് ദൈവം ആവശ്യപ്പെട്ടു: "എന്റെ മുൻപിൽ വ്യാപരിക്കുക; കുറ്റമറ്റവനായി വർത്തിക്കുക" (ഉത്പ 17:1). അബ്രാഹത്തോട് ദൈവം ആവശ്യപ്പെട്ടത് സഖറിയായും എലിസബത്തും ജീവിതത്തിൽ നിറവേറ്റി. എല്ക്കാനയുടെയും എലിസബത്തിന്റെയും ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലിനുകാരണം ദൈവത്തിലുള്ള അവരുടെ ആശ്രയമായിരുന്നു: "എല്ക്കാന സൈന്യങ്ങളുടെ കർത്താവിനെ ആരാധിക്കാനും അവിടുത്തേക്കു ബലിയർപ്പിക്കാനുമായി വർഷംതോറും തന്റെ പട്ട



www.malankaralibrary.com

ണത്തിൽനിന്നു ഷീലോയിലേക്കു പോകുമായിരുന്നു" (1 സാമു 1:3). നീതിമാന്മാർക്ക് ലഭിക്കുന്ന അനുഗ്രഹത്തെക്കുറിച്ച് നിയമാവർത്തനം 30:16-ൽ പറയുന്നുണ്ട്: "നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ മാർഗത്തിൽ ചരിക്കുകയും അവിടുത്തെ കല്പനകളും ചട്ടങ്ങളും പാലിക്കുകയും ചെയ്താൽ നീ ജീവിക്കും; നീ കൈവശമാക്കാൻപോകുന്ന ദേശത്ത് നിന്റെ ദൈവമായ കർത്താവ് നിന്നെ അനുഗ്രഹിച്ചുവർധിപ്പിക്കും." ജീവിതത്തിന്റെ പ്രതിസന്ധികൾക്കു നടുവിലും ദൈവത്തിൽ ആശ്രയിക്കുന്നവരെ ദൈവം അനുഗ്രഹിക്കും.

**5. പഴയനിയമ പൗരോഹിത്യത്തിന്റെ അപര്യാപ്തതയെ പരിഹരിക്കുന്ന നിത്യപുരോഹിതനായ യേശു**

"കർത്താവിന്റെ മുൻപിൽ നീതിമാനായിരുന്ന" (ലൂക്കാ 1:16) സഖറിയ എന്ന പുരോഹിതൻ സന്ധ്യാബലി അർപ്പിക്കുകയായിരുന്നു. യേശുവിനെക്കുറിച്ച് ലൂക്കാ 23: 47-ൽ ശതാധിപൻ പറയുന്നുണ്ട്: "ഈ മനുഷ്യൻ സത്യമായും നീതിമാനായിരുന്നു" എന്ന്. നീതിമാനായ സഖറിയാപുരോഹിതൻ അർപ്പിച്ച സന്ധ്യാബലി (പഴയനിയമബലി) യേശുക്രിസ്തു എന്ന നീതിമാനായ നിത്യപുരോഹിതൻ തന്നെത്തന്നെ ബലിയായി അർപ്പിച്ച് പൂർത്തിയാക്കി. സഖറിയായുടെ ബലിയെയും പൗരോഹിത്യത്തെയും യേശുക്രി സ്തു തന്റെ ബലിയർപ്പണത്താൽ പൂർത്തിയാക്കി.

ധൂപാർപ്പണശുശ്രൂഷ പൂർത്തിയാക്കി, പുരോഹിതൻ ഇറങ്ങിവന്ന്, പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുന്ന ജനത്തെ ആശീർവദിക്കുമ്പോഴാണ് ശുശ്രൂഷ പൂർത്തിയാകുന്നത് (സംഖ്യ 6:24-26; ലേവ്യ 9:22, പ്രഭാ 50:20). പക്ഷേ സഖറിയായ്ക്ക് അതിനു കഴിഞ്ഞില്ല. പഴയനിയമ പൗരോഹിത്യം അവസാനിച്ച് ഒരു പുതിയ പൗരോഹിത്യം തുടങ്ങുന്നതിന്റെ സൂചനയാണിത്. ഇനിയും പൗരോഹിത്യ ആശീർവാദം ലഭിക്കുന്നത് ലൂക്കാ 24:50-51 ലാണ്. അവൻ "കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽനിന്നു മറയുകയും സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു." ക്രിസ്തു തന്റെ ബലി പൂർത്തിയാക്കി ജനത്തെ അനുഗ്രഹിച്ചു; അനുഗ്രഹിച്ചുകൊണ്ടേയിരിക്കുന്നു. കാരണം അവൻ നിത്യപുരോഹിതനാണ്.

**ഫാ. സിബി പൂവത്തുംതറ**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

നവംബർ
22

# വി. ദൈവമാതാവിനോടുള്ള അറിയിപ്പ്

## ഭാഷ്യം

ലൂക്കാ 1:26-38

### സന്ദർഭം

'ആറാംമാസം ഗബ്രിയേൽദൂതൻ' എന്ന് പറഞ്ഞുകൊണ്ടാണ് യേശുവിന്റെ പിറവിയെക്കുറിച്ചുള്ള മംഗളവാർത്ത വിവരിക്കുന്നത്. യോഹന്നാന്റെ പിറവിയെക്കുറിച്ചുള്ള അറിയിപ്പിന്റെ തുടർച്ചയായാണ് യേശുവിന്റെ ജനനം അവതരിപ്പിക്കപ്പെടുന്നത്. പഴയനിയമപാരമ്പര്യങ്ങളെ ഓർമിപ്പിച്ചും പുതിയ കാലഘട്ടത്തിന്റെ അനന്യതയെ അനാവരണം ചെയ്യുന്നതുമാണ് മംഗളവാർത്ത. യോഹന്നാന്റെ ജനനഅറിയിപ്പ് ജറുസലെം ദൈവാലയത്തിന്റെ അതിവിശുദ്ധസ്ഥലത്ത് പുരോഹിതനും പ്രായംചെന്ന പുരുഷനുമായ സഖറിയായെ കേന്ദ്രീകരിച്ചായിരുന്നുവെങ്കിൽ മംഗളവാർത്ത ഒരു കന്യകയുടെ, വി വാഹപ്രായത്തിലേക്കെത്തുന്ന ഒരു പെൺകുട്ടിയുടെ പക്കലാണ്. ലോകം കേൾക്കാൻ കൊതിച്ചിരുന്ന രക്ഷയുടെ ഉത്ഭവത്തെക്കുറിച്ചുള്ള അറിയിപ്പ് ലഭിക്കുന്നത് വചനത്തിന്റെ അർത്ഥപൂർണമായ പശ്ചാത്തലത്തിലാണ്.

### സാരം

പഴയനിയമപാരമ്പര്യത്തിൽ, പ്രത്യേകിച്ച് പുറപ്പാടുസംഭവത്തിൽ ദൈവം അകലങ്ങളിലും മലമുകളിലും മേഘപാളികളിലും അഗ്നിസ്തംഭങ്ങളിലുമൊക്കെ മനുഷ്യന്റെകൂടെ നടക്കുന്നുണ്ടായിരുന്നു. എന്നാൽ മംഗളവാർത്തയിലൂടെ മനുഷ്യന്റെയുള്ളിൽ വസിക്കാൻപോകുന്ന ഒരു ദൈവത്തെ അവതരിപ്പിക്കുന്നതാണ് വചനത്തിന്റെ കാതൽ. മനുഷ്യന്റെ അസാധ്യതകളിലേക്ക്, സാധ്യതകൾ നൽകി, പ്രതീക്ഷകൾ വാനോളം ഉയർത്തുന്ന ദൈവത്തിന്റെ സാന്നിധ്യം (1:37).



www.malankaralibrary.com

## സന്ദേശം

1. നടുത്തളത്തിൽനിന്നും പിന്നാമ്പുറങ്ങളിലേക്കുള്ള ഒരു തിരിഞ്ഞുനടപ്പാണ് മംഗളവാർത്തയിൽ നാം കാണുന്നത്. യഹൂദ–ആത്മീയ– അധികാര– അഹന്തയുടെ ഈറ്റില്ലമായിരുന്നു ജറുസലെം ദൈവാലയം. പുരുഷകേന്ദ്രീകൃതമായിരുന്നു യഹൂദസംസ്കാരവും ആത്മീയതയുമെല്ലാം. ഈ നടുമുറ്റത്തുനിന്ന്, ഒരു കുഗ്രാമത്തിൽ– ഒരിക്കലും നന്മപ്രതീക്ഷിക്കാത്ത നസ്രത്തിലെ (യോഹ 1:46) ഒരു കൊച്ചുവീട്ടിൽ, പണവും പ്രതാപവും ഒന്നുമില്ലാത്ത, എന്തിന് മാതാപിതാക്കളുടെ പേരോ, പൈതൃകമോ, കുലമഹിമയോ ഒന്നും പരാർമശിക്കപ്പെടാത്ത, സ്വന്തമായി ഒരവകാശമോ, വ്യക്തിത്വമോ, അസ്തിത്വംപോലും ഇല്ലാത്ത ഒരു പെൺകുട്ടിയിലേക്കാണ് ലോകത്തെ മുഴുവൻ സ്വാധീനിക്കാൻ പോന്ന മംഗളവാർത്ത, ദൈവത്തിന്റെ മനുഷ്യാവതാരവാർത്ത എത്തുന്നത്. യേശു പിന്നീട് എടുക്കുന്ന നിലപാടിന്റെ മുന്നറിയിപ്പാണിത്. 'ഞാൻ ദരിദ്രരോട് സദ്വാർത്ത അറിയിക്കാൻ അയക്കപ്പെട്ടിരിക്കുന്നു' (ലൂക്കാ 4:18) എന്നത് സുവിശേഷം പിന്നാമ്പുറങ്ങളിലേക്ക്, അതിരുകളിലേക്ക് എത്താനുള്ളതാണ് എന്നതിന്റെ സൂചനയായിരുന്നു.

2. ദൈവം വച്ചുനീട്ടുന്ന രക്ഷയുടെ അനുഭവത്തിന് മാനദണ്ഡങ്ങളോ, വ്യവസ്ഥകളോ നമുക്ക് സങ്കല്പിക്കാനാവില്ല. നീതിനിഷ്ഠനായ സഖറിയായ്ക്കും നല്ലവനായ അബ്രാഹത്തിനുമൊക്കെ നന്മയുടെ പിൻബലമുണ്ടായിരുന്നു. എന്നാൽ നസ്രത്തിലെ മേരിയെക്കുറിച്ച് യാതൊരുവിശേഷണങ്ങളുമില്ല എന്നത് ശ്രദ്ധേയമാണ്. നസ്രത്ത് എന്ന ഭൂമികയും മേരി എന്ന പെണ്ണും യഹൂദചിന്തകളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രതിബിംബമാണ്. അവിടെയാണ് ലോകം കേൾക്കാൻകൊതിച്ച, ഇതുവരെ കേട്ടതിൽവച്ച് ഏറ്റവും മനോഹരമായ സദ്വാർത്ത ജനിക്കുന്നത്. നമ്മുടെ ചുറ്റിലും, നാം പോലും നിനച്ചിരിക്കാത്ത ചില അപ്രതീക്ഷിത വഴിയെ ദൈവം ഇടപെടുന്നത് കാ ണുമ്പോൾ അത്ഭുതപ്പെടേണ്ട. ദൈവം കടന്നുവരുന്ന വഴികളോ, വ്യക്തികളോ, രീതികളോ, നാം നിശ്ചയിക്കുന്ന അളവുകോലുകൾക്കുമെല്ലാം അപ്പുറമാണ്.

3. ഇന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്ത ഒന്നാണ് മംഗളവാർത്തയിലെ മാലാഖയുടെ വിശദീകരണം. പുരുഷസംസർഗമില്ലാതെ ഗർഭംധരിക്കുന്നതിനെപ്പറ്റി പറഞ്ഞതെല്ലാം അപ്പാടെ മനസ്സി



www.malankaralibrary.com

ലാക്കാൻ മറിയത്തിനും കഴിഞ്ഞിരിക്കില്ല. പക്ഷേ മറിയം പ്രത്യുത്തരിച്ചു: 'നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.' അങ്ങനെപറയാൻ മറിയത്തെ പ്രേരിപ്പിച്ചത് ഒരുവേള, മാലാഖ പറഞ്ഞ അവസാനത്തെ വാചകമാകാം. അത് ഏതൊരുമനുഷ്യനും-വിശ്വാസിക്കും ഗ്രഹിക്കാൻ സാധിക്കുന്നതാണ്. "ദൈവത്തിന് അസാധ്യമായി ഒന്നുമില്ല" (1:37). വിശ്വാസത്തിന്റെ കാതലാണിത്. ദൈവം സർവത്തിന്റെയും ഉടയവനും നാഥനുമാണ്. ഒന്നും അസാധ്യമല്ലാത്ത ദൈവത്തിന്റെ കരങ്ങളിലേക്ക്, അവിടുത്തെ പദ്ധതികളിലേക്ക് മറിയത്തെപ്പോലെ നിരുപാധികം 'അതെ' പറയാൻകഴിഞ്ഞാൽ നാം രക്ഷപെട്ടു. നമ്മുടെ എല്ലാ അസാധ്യതകളും ദൈവത്തിന്റെ സാധ്യതകളോട് ചേർക്കാം.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## തിരുഹിതം നിറവേറ്റാം

ഇരുപത്തഞ്ചുനോമ്പിനും ജനനപ്പെരുന്നാളിനുമൊരുക്കമായി മംഗളവാർത്ത അഥവാ അറിയിപ്പിന്റെ ഞായർ സഭ ആചരിക്കുന്നു; മാർച്ച് 25-ന് വചനിപ്പ് പെരുന്നാളും. ക്രിസ്തുരാജത്വതിരുനാളും ഇതോടൊപ്പം വരുന്നത് സമുചിതംതന്നെ. 700 വർഷത്തിനപ്പുറം നിത്യനായ ഒരു രാജാവിന്റെ ജനനത്തെപ്പറ്റി ഏശയ്യാ ഇങ്ങനെ പ്രവചിച്ചു: 'അവൻ സമാധാനത്തിന്റെ രാജാവും നിത്യനായ പിതാവും വിസ്മയനീയനായ ഉപദേഷ്ടാവുമായിരിക്കും' (ഏശ 9:6). രക്ഷകനുവേണ്ടിയുള്ള മനുഷ്യവർഗത്തിന്റെ കാത്തിരുപ്പിന് മനുഷ്യസൃഷ്ടിയോളം പൗരാണികത്തമുണ്ട്. 'നീയും സ്ത്രീയുംതമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയുംതമ്മിലും ഞാൻ ശത്രുതയുളവാക്കും' (ഉത്പ 3:15) എന്ന അരുളപ്പാട് ഏദനിൽ ആദിമാതാപിതാക്കൾ ശ്രവിച്ച 'ആദിമ സുവിശേഷ'മാണ്. ജപമാലയിലെ സന്തോഷകരമായ ദിവ്യരഹസ്യങ്ങളിൽ ഒന്നാമതായി അനുസ്മരിക്കുന്നത് മംഗളവാർത്തയാണ്. കന്യാമറിയത്തോടൊപ്പം സദാസന്തോഷിക്കാനുള്ള അനുഗ്രഹം വിശ്വാസിസമൂഹം അവിടെ പ്രാർത്ഥിക്കുന്നു. "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വി



www.malankaralibrary.com

ളിക്കപ്പെടും" (ഏശ 7:14) എന്ന പ്രവചനത്തിന്റെ നിവർത്തിയാണ് മം ഗളവാർത്തയുടെ ഇതിവൃത്തം. 'ഞാൻ ഇസ്രായേൽമക്കളുടെ മധ്യേ വസിക്കും' (1 രാജാ 6:13) എന്ന അരുളപ്പാട് മംഗളവാർത്തയിൽ സാക്ഷാത്ക്കരിക്കപ്പെട്ടു.

1. കൃപനിറഞ്ഞവളേ! സ്വസ്തി; കർത്താവ് നിന്നോടുകൂടെ! (ലൂക്കാ 1:28)

നിരുപാധികവും സൗജന്യവുമായ ദൈവദാനമാണ് കൃപ. ദൈവം ഒരുവനിൽ സംപ്രീതനാകുന്ന അവസ്ഥയാണത്. ദൈവികജീവനിലുള്ള സമൃദ്ധമായ പങ്കാളിത്തവും ദൈവപ്രസാദവുമാണത്. ദൈവത്തിന്റെ തിരുവിഷ്ടംതന്നെയാണത്. ഒരു വ്യക്തിക്ക് ദൈവം നൽകുന്ന അത്യുദാത്തമായ അനുഗ്രഹമാണത്. അവകാശവാദംകൊണ്ട് നേടുന്നതല്ല കൃപ; തന്നെ നിത്യം ഉപാസിക്കുന്നവർക്കും തന്റെ ഭക്തർക്കും തന്റെ ദാസർക്കും ദൈവം സൗജന്യമായി നൽകുന്ന അനുഗ്രഹമാണത്. 'ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (ലൂക്കാ 3:22) എന്ന അശരീരിക്കു തുല്യമാണ് 'കൃപനിറഞ്ഞവളേ!' എന്ന സംബോധനയും. ഇവിടെ ആവർത്തിക്കപ്പെടുന്ന പദമാണ് കൃപ. മറ്റെന്തെല്ലാമുണ്ടെങ്കിലും ദൈവകൃപ അന്യമായാൽ മനുഷ്യജീവിതം വ്യർത്ഥവും നിരർത്ഥകവുമാകും. ഭക്തൻ ഇപ്രകാരം കീർത്തനം പാടും:

'കൃപ കൃപയൊന്നെന്നാശ്രയമായ്
കൃപ കൃപയൊന്നെന്നാനന്ദമായ്
വൈരികൾ വന്നാലും എതിരുയർന്നാലും
കൃപമതിയെന്നാളും.'

ദൈവപിതാവിന്റെ പ്രേഷ്ഠഭാജനമായ മറിയത്തെ 'ദൈവകൃപനിറഞ്ഞവളേ' എന്നാണ് മാലാഖ സംബോധനചെയ്യുക.

2. ദാവീദിന്റെ വംശത്തിൽപ്പെട്ട പുരുഷൻ (1:27); ദാവീദിന്റെ സിംഹാസനം (1:32).

രാജത്വത്തിരുനാളുകൂടിയായ ഇന്ന് ഈ പരാമർശം ഏറെ പ്രസക്തമാണ്. ദാവീദിന്റെ പുത്രനായി രക്ഷകൻ ജനിക്കുമെന്നുള്ള മിക്കാ പ്രവാചകന്റെ പ്രവചനം ശ്രദ്ധേയമാണ്: "ഇസ്രായേലിനെ ഭരിക്കേണ്ടവൻ നിന്നിൽനിന്നു പുറപ്പെടും; അവൻ യുഗങ്ങൾക്കുമുമ്പേ ഉള്ള



www.malankaralibrary.com

വനാണ്" (മിക്കാ 5:2). വീണ്ടും സഖറിയാസ് പ്രവാചകൻ പറയുന്നു: "സീയോൻപുത്രീ, അതിയായി ആനന്ദിക്കുക... ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു" (സഖ 9:9). "നിന്റെ സന്തതി ഇസ്രായേലിന്റെ സിംഹാസനത്തിൽനിന്ന് അറ്റുപോവുകയില്ല. കർത്താവ് എന്നോട് അരുളിച്ചെയ്ത വാഗ്ദാനം നിറവേറ്റേണ്ടതിന് നീ അവിടുത്തെ അനുസരിക്കുക"(1 രാജാ 2:4)എന്നാണ്. ആസന്നമരണനായ ദാവീദ് സോളമനെ മരണശയ്യയ്ക്കരികെ വിളിച്ച് ഉപദേശിച്ചത്.

മറിയത്തിന്റെ പ്രതിശ്രുതവരൻ ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫായിരുന്നു. പ്രവചനനിവർത്തി മംഗളവാർത്തയിലും മനുഷ്യാവതാരത്തിലും നമുക്ക് ദർശിക്കാൻ കഴിയും.

3. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു (1:30).

ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവൻ എന്നാളും തന്റെ പ്രീതിയിലായിരിക്കാൻവേണ്ടിയായിരുന്നു. ഹവ്വ അത് നഷ്ടമാക്കിയപ്പോൾ, സഭാപിതാക്കന്മാർ 'രണ്ടാംഹവ്വ' എന്നുവിളിക്കുന്ന മറിയം ദൈവസന്നിധിയിൽ കൃപകണ്ടെത്തി. ഇതഃപര്യന്തമുള്ള അവളുടെ ജീവിതത്തിന്റെ വിലയിരുത്തൽകൂടിയാണത്. സ്നാപകനെപ്പോലെ മാതൃഗർഭത്തിൽവച്ചുതന്നെ- ഉത്ഭവനിമിഷംമുതൽ- അവൾ അമലോത്ഭവയായി (Immaculate). ജാതനാകാനിരുന്ന രക്ഷകനെ മുൻനിർത്തി നൽകപ്പെട്ട പരിരക്ഷയായിരുന്നു അത്. സംശയമില്ല. ആംഗല കവി വില്യം വേർഡ്സ്‌വർത്തു പുകഴ്ത്തുന്നതുപോലെ 'കറപുരണ്ട മനുഷ്യവംശത്തിന്റെ ഏക അഭിമാനപാത്ര'മായി മറിയം മാറി.

ഓരോ സ്ത്രീയും മറിയത്തെപ്പോലെ സദാ ദൈവപ്രീതിയിലായിരിക്കണം. വിശ്വാസ-സന്മാർഗ പാഠങ്ങളുടെ പകർച്ചക്കാർ മക്കൾക്ക് ജന്മംനല്കുന്ന അമ്മമാരാണ്. മഹിതമായ മാതൃത്വത്തിൽനിന്നേ ശ്രീയാർന്ന മക്കളും ശ്രേഷ്ഠതയുള്ള കൃപനിറയുന്ന- കുടുംബങ്ങളും സംജാതമാകൂ. വി. അഫ്രേം മല്പ്പാൻ പഠിപ്പിക്കുന്നു: "രക്ഷകൻ തന്റെ മനുഷ്യത്വം സ്വീകരിച്ചത് മാതാവായ മറിയത്തിൽനിന്നാണെന്ന്." കറതീണ്ടിയ മാതൃത്വത്തിന് കറതീർന്ന മനുഷ്യസ്വഭാവം കൈമാറ്റംചെയ്യാൻ കഴിയുന്നതെങ്ങനെ?

പരിശുദ്ധിയിൽ വളരാനുള്ള അഭിനിവേശം ലോകത്തിന് അന്യമാകുന്നുണ്ടോ? മക്കൾ പരിശുദ്ധരായി വളർത്തപ്പെടണമെന്ന ദൃഢനിശ്ചയം അമ്മമാർക്കുണ്ടാകണം. 'ഭാരതസ്ത്രീക ൾതൻ ഭാവശുദ്ധി'



www.malankaralibrary.com

എന്ന വിശേഷണം സത്യവതികളായ അമ്മമാർക്ക് രാജ്യം ചാർത്തുന്ന സുവർണമുദ്രകളായിരുന്നു. ശാന്തത, ശാലീനത, സത്യസന്ധത, വിനയം, വിവേകം, വിശുദ്ധി, ക്ഷമ, ഔദാര്യം, വിവേകം... തുടങ്ങിയ എത്രയെത്ര പുണ്യങ്ങളുടെ സമഞ്ജസമ്മേളനമാണ് ഭാവശുദ്ധിയ്ക്കാസ്പദം. പുണ്യങ്ങളുടെ കേദാരമായിരുന്നു പരി.മറിയം. ദൈവം അവളിൽ സംപ്രീതനായി. അവളിൽ പരിലസിച്ചിരുന്ന പുണ്യങ്ങൾ ദർശിക്കുമ്പോൾ നാമറിയാതെ വാഴ്ത്തും: 'നന്മനിറഞ്ഞ മറിയമേ! സ്വസ്തി' എന്ന്.

4. നീ അവന് യേശു എന്ന് പേരിടണം (1:32).

'യേശു' എന്ന പേരിന്റെ അർത്ഥം തന്നെ 'രക്ഷകൻ' എന്നാണ്. പേരിടുന്നത് അവകാശമാണ്. ആ വ്യക്തിയുടെമേൽ സ്വാധീനം ചെലുത്താനും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഭംഗ്യന്തരേണ ഭരമേല്പിക്കുന്നുവെന്നാണ് അതിന്റെ വിവക്ഷ. മാതൃത്വം കേവലം സാങ്കേതികമല്ല. മാതൃത്വത്തിന്റെ മഹിമയും ഔന്നത്യവും ഒരായുസ്സിന്റെ സമ്പൂർണസമർപ്പണംകൊണ്ട് ആർജ്ജിക്കേണ്ടതാണ്. ഉത്ക്കൃഷ്ടമായ ആ കടമ മറിയം ഉദാത്തമായി നിർവഹിച്ചു 30 വർഷം! അമ്മമാർ മറിയത്തെ മാതൃകയാക്കിയിരുന്നെങ്കിൽ!

5. പരിശുദ്ധാത്മാവ് നിന്റെമേൽവരും (1:35)

ദൈവാത്മാവ് പരി. മറിയത്തെ പരിരംഭണം ചെയ്തു. ശരീരത്തിന്റെ ഓരോ കോശങ്ങളിലും ഹൃദയാന്തരാളങ്ങളിലും ജീവിതത്തിന്റെ അവസ്ഥാന്തരങ്ങളിലും ജീവന്റെ ഓരോ തുടിപ്പിലും അവളെ പൂരിതയാക്കി. അവളുടെ വ്യക്തിത്വത്തെ ദൈവം സ്വന്തമാക്കി. തന്റെ പുത്രന് അനുയോജ്യമായ വാസസ്ഥലമായി അവളെ ദർശിച്ചതുകൊണ്ടാണ് അവളിൽ സംപ്രീതനായത്.

പരി. മറിയം പുണ്യത്തിന്റെ വിളനിലമായിരുന്നു. പുണ്യവാന്മാർക്ക് ഉപരിയായ സ്ഥാനമാണ് മറിയത്തിന് സഭ നൽകുന്നത്. വിശ്വാസിയുടെ ഉദാത്തമാതൃകയാണവൾ. എല്ലാറ്റിവുമുപരിയായി, ദൈവത്തെ സ്നേഹിക്കുക, മനുഷ്യരെ ആദരിക്കുക, നീതിക്കും സത്യത്തിനും സാക്ഷ്യം വഹിക്കുക, ധർമപാതയിൽ സദാചരിക്കുക, ഹൃദയശാന്തതയും എളിമയും സദാ കാത്തുസൂക്ഷിക്കുക, പാരുഷ്യവും കാലുഷ്യവും വെടിയുക. ഇപ്രകാരം പിള്ളത്തൊട്ടിൽമുതൽ പട്ടടവരെ മൂല്യങ്ങൾ സംരക്ഷിക്കാൻ അമ്മമാർ മക്കളെ അഭ്യസി



www.malankaralibrary.com

പ്പിക്കണം. ഇതിനെയാണ് ക്രിസ്തീയ പരിശീലനം (Christian Formation) എന്നു വിവക്ഷിക്കുന്നത്.

ജീവിതത്തെ ചൂഴ്ന്നുനിന്ന സഹനപാത അവിടെ ആരംഭിച്ചു. ഇളയമ്മയെ പരിചരിക്കാൻ ഐൻകരിമിലേക്ക് ശീഘ്രം ഓടുകയായിരുന്നു. പരിശുദ്ധാത്മാവ് ക്ലേശങ്ങൾ ഇല്ലാതാക്കുകയല്ല, അതിന്റെ മുള്ളിനെയും മുറിവിനെയും ഇല്ലാതാക്കുകയാണ് ചെയ്യുന്നത്.

6. ദൈവത്തിന് ഒന്നും അസാധ്യമല്ല (1:37)

മരുഭൂമിയെ നീരുറവകളുടെ ജലാശയമാക്കാനും നദിയിൽ പാതയൊരുക്കാനും കഴിയുന്നവനാണ് ദൈവം. സർവശക്തനും ശക്തിദായകനുമായ ദൈവത്തിൽ നമുക്കുള്ള വിശ്വാസം പ്രഫുല്ലമാകണം. വചനത്താൽ സൃഷ്ടികർമ്മം നിർവഹിച്ചവൻ അതേവചനത്താൽ നസ്രത്തിൽ 'നവസൃഷ്ടികർമ്മം' നിർവഹിച്ചു.

'വിശ്വസിച്ചാൽ നീ ദൈവമഹത്വം കാണുമെന്ന്' കല്ലറവാതിൽക്കൽവച്ച് യേശു മർത്തായോടരുൾചെയ്തു (യോഹ 11:40). ദൈവത്തിന് ഒന്നും അസാധ്യമല്ല. മനുഷ്യന്റെ ഉറച്ച വിശ്വാസത്തിലാണ് ദൈവം പ്രവർത്തിക്കുന്നത്. മലകളെ മാറ്റുന്ന വിശ്വാസമുണ്ടാകണമെന്ന് രക്ഷകൻ ഉപദേശിച്ചു. വിശ്വാസം പ്രോജ്ജ്വലിപ്പിക്കാൻ മറിയത്തെ മാതൃകയാക്കാം.

7. ഇതാ! കർത്താവിന്റെ ദാസി (1:38)

'അങ്ങയുടെ ദാസൻ ശ്രവിക്കുന്നു' എന്നു കർത്താവിന്റെ സ്വരത്തിന് മറുപടി പറഞ്ഞ ബാലനായ സാമുവലിനെപ്പോലെ (1 സാമു 3:10), 'ഇതാ ഞാൻ! എന്നെ അയച്ചാലും' എന്ന് മറുപടി കൊടുത്ത ഏശയ്യാ (ഏശ 6:8)യെപ്പോലെ ദൂതവചനം ശ്രവിച്ച മറിയംപറഞ്ഞു: "ഇതാ, കർത്താവിന്റെ ദാസി!" ഭവ്യത പ്രകടമാകുന്ന മറുപടി. 'മനോഭാവേ സർവപ്രധാനേ' എന്നാണല്ലോ. സമ്പൂർണ സമർപ്പണത്തിനു തയ്യാറായ ഭക്തന്റെ ഭാഷയാണത്. സവിധാവിന്റെ സവിധത്തിൽ സൃഷ്ടി തന്റെ താൽപര്യങ്ങളെയും ഇഷ്ടാനിഷ്ടങ്ങളെയും സമ്പൂർണമായി സമർപ്പിക്കുമ്പോഴാണ് ഭൂമിയിൽ സ്വർഗം വിരചിതമാകുന്നത്.

സ്രഷ്ടാവിന്റെ പദ്ധതിയായിരുന്നെങ്കിൽക്കൂടി സൃഷ്ടിയുടെ സഹകരണം മനുഷ്യാവതാരത്തിന് അനിവാര്യമായിരുന്നു. 'നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവത്തിനു നിന്നെക്കൂടാതെ നിന്നെ രക്ഷിക്കാൻ കഴിയുമായിരുന്നില്ല' എന്നാണ് വി. അഗസ്തീനോസ് മല്പാൻ



www.malankaralibrary.com

പഠിപ്പിക്കുന്നത്. മനുഷ്യവംശത്തിന്റെ രക്ഷ മനുഷ്യന്റെ നിരുപാധികമായ സഹകരണത്തോടെ സാധ്യമാക്കുകയായിരുന്നു ദൈവിക പദ്ധതി. ഇതാകട്ടെ മനുഷ്യനുനൽകിയ ഇച്ഛാസ്വാതന്ത്ര്യത്തെ മാനിക്കുന്നതുമൂലമാണ്.

ദാസിയുടേത് സൗജന്യസേവനമാണ്. അവകാശവാദങ്ങളില്ല, സ്വന്തതാൽപര്യങ്ങളില്ല. അത് ജീവിതവ്രതമാണ്. എന്നാൽ ഇന്നത്തെ ലോകത്ത് ദാസനും ദാസിയുമാകാൻ ആർക്കാണിഷ്ടം? ദൈവദാസ/ദാസി പദത്തിലെത്തിയെങ്കിൽമാത്രമേ അടുത്തപടികളായ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലോ വിശുദ്ധപദത്തിലോ എത്താൻ കഴിയൂ. തിരുസ്സഭയുടെ നാമകരണനടപടികൾ ഭംഗ്യന്തരേണ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ദാസിയായിട്ടെന്നല്ല സഹപ്രവർത്തകയാകുന്നതുപോലും ഭാരമായിമാറിയ കാലത്താണ് നാം ജീവിക്കുന്നത്. നല്ല കുടുംബങ്ങൾ 'ദാസഭവനങ്ങൾ' തന്നെയാകണം. നസറത്തിലെ തിരുക്കുടുംബത്തിലെന്നപോലെ അവിടെ വിധേയത്വവും അനുസരണവും അച്ചടക്കവും മുറ്റിനില്ക്കും. തങ്ങളുടെ ദുശ്ശാഠ്യംവഴി മാതാപിതാക്കളെ ഭീതിയിൽ തളച്ചിടുന്ന മക്കളാണ് ഇന്ന് കുടുംബങ്ങളെ ഭരിക്കുന്നത്. അവിടെ പ്രവർത്തിക്കുന്നത് തിന്മയുടെ അദൃശ്യകരങ്ങളാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. വിധേയത്വം നഷ്ടമായാൽ ശാഠ്യം മൂർത്തഭാവം പൂകും. കർത്താവിന്റെ ദാസപദം സ്വീകരിക്കുന്നവർക്ക് മാതാപിതാക്കളെയാകട്ടെ, ഗുരുജനങ്ങളെയാകട്ടെ, മേലധികാരികളെയാകട്ടെ, വിധേയപ്പെടാൻ അനായാസം കഴിയും; മറിച്ചായാൽ ഭാരമാകും. കടമകൾപോലും അടിമപ്പണിയായി അധഃപതിക്കും. സന്നദ്ധത പുത്രസ്വീകാര്യത്തിന്റെ അടയാളമാണ്; മറിയം അതിന്റെ ഉദാത്തമാതൃകയും.

8. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (1:38)

'ഫിയാത്ത്' എന്ന ലത്തീൻ പദത്തിന്റെ അർത്ഥം 'തിരുഹിതം നിറവേറട്ടെ' എന്നാണ്. ഇത് ദൈവമക്കളുടെ മനോഭാവമാണ്. വിശ്വാസിയുടെ കൊടിയടയാളമാണ്. കർത്തൃഹിതം നിറവേറ്റാനുള്ള സന്നദ്ധതയാണത്.

'ഫിയാത്തു'പറയുന്നതിൽ മനുഷ്യവംശത്തിനു വലിയ വീഴ്ച സംഭവിക്കുന്നു. അതിന്റെ ഗാർഹിക-സാമൂഹ്യമാനം ഏറെയാണ്. ഗാർഹികകലഹങ്ങളുടെ മുഖ്യഹേതു ഈ തിരിച്ചറിവ് നഷ്ടമായ



www.malankaralibrary.com

താണ്. തൊഴിലിടങ്ങളിലും ആശ്രമങ്ങളിലും ഇത് അനല്പമായ പ്രതിസന്ധി സൃഷ്ടിക്കും. എന്തും ഏതും ഈ ഉരകല്ലിൽ മാറ്റുരച്ചിരുന്നെങ്കിൽ!

സ്വർഗത്തിന്റെ ഇഷ്ടം ഭൂമിയിൽ നിറവേറപ്പെടണമെന്നാണ് രക്ഷകൻ പഠിപ്പിച്ചത്. നമ്മുടെ പ്രാർത്ഥനയാകട്ടെ നമ്മുടെ ഇഷ്ടം പരമാവധി നടത്തിത്തരണമേ എന്നും! ദൈവഹിതമാരായാൻ എത്ര പേർ ശ്രമിക്കുന്നുണ്ട്? ഗത്സെമനിയിലെ ഈശോയുടെ പ്രാർത്ഥന 'തിരുഹിതം നിറവേറണമേ'(ലൂക്കാ 22:42)എന്നായിരുന്നു.

ഉപസംഹാരം

പരിശുദ്ധമറിയം നൽകുന്ന സുപ്രധാനപാഠമിതാണ്; നാം പഠിക്കാത്ത പാഠവും. മംഗളവാർത്തയുടെ സന്ദേശം 'ഫിയാത്തു'പറയാൻ പരിശീലിക്കലാണ്. മാതൃഭക്തനായ വി. ബർണ്ണാർദ് നമ്മെ ഉപദേശിക്കുന്നതുപോലെ മറിയത്തിൽ പ്രോജ്ജ്വലിച്ചിരുന്ന ഈ പുണ്യം പരിശീലിക്കാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. ഏബ്രഹാം നടുവിലേടം**



www.malankaralibrary.com

വചനബോധി
സീറോമലങ്കര

നവംബർ
29

# വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

## ഭാഷ്യം

ലൂക്കാ 1:39-56

### സന്ദർഭം

മനുഷ്യരക്ഷ സമാഗതമാകുന്നുവെന്ന സന്ദേശം ആദ്യം ലഭിക്കുന്ന രണ്ടുപേരാണ് എലിസബത്തും മറിയവും (1:5-25; 1:26-38). ഈ സദ്വാർത്ത സ്വീകരിച്ച അവർ നൽകുന്ന പ്രതികരണങ്ങൾ, വാക്കിലൂടെയും പ്രവർത്തിയിലൂടെയും പ്രകടമാക്കുന്നതാണ് മറിയവും എലിസബത്തും കണ്ടുമുട്ടുന്ന വചനഭാഗം (1:39-56).

### സാരം

ദൈവപുത്രനായ യേശുവിനെ ഉദരത്തിലും ഹൃദയത്തിലും സംവഹിക്കുന്ന മറിയം എന്ന ഗ്രാമീണപെൺകുട്ടിയുടെ സാന്നിധ്യം, യേശുവിന്റെ മുന്നോടിയായ യോഹന്നാനെ ഉദരത്തിൽ സ്വീകരിക്കാൻ അനുഗ്രഹം ലഭിച്ച വന്ധ്യവയോധികയായ എലിസബത്തിൽ ഉണർത്തുന്ന വികാരവിചാരങ്ങൾ പ്രതിഫലിപ്പിക്കുന്നതാണ് ആദ്യഭാഗത്ത് (1: 39-45). മറിയത്തിന്റെ ഉള്ളിലെ ദൈവപുത്രൻ കൊണ്ടുവരുന്ന ദൈവരാജ്യമൂല്യങ്ങളുടെ സാരസംഗ്രഹമാണ് സ്ത്രോത്രഗീതത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത്.

### സന്ദേശം

1. രക്ഷാകരസന്ദേശം ലഭിച്ച മേരിയും എലിസബത്തും കണ്ടുമുട്ടുമ്പോൾ, എലിസബത്തിന്റെ അനുഭവം ആവർത്തിക്കപ്പെടുന്ന ഒരു പദപ്രയോഗം 41, 44 വചനങ്ങളിൽ ശ്രദ്ധേയമാണ്. ഉദരശിശുവായ യോഹന്നാന്റെ 'കുതിച്ചുചാട്ടം' എന്നതാണ് ആ പദപ്രയോഗം. ഗ്രീക്കി



www.malankaralibrary.com

ൽ '*Skirtao*'എന്നാണ് ഈ കുതിച്ചുചാട്ടത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. ഇന്ന് വൈദ്യശാസ്ത്രംപോലും നമ്മോടു പറയുന്നതാണ് അമ്മയുടെ മനോവികാരങ്ങൾ ഗർഭസ്ഥശിശുവിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്ന്. പരി.അമ്മയുടെ സാന്നിധ്യം എലിസബത്തിൽ ചെലുത്തിയ ശുഭചിന്തകളുടെ അഥവാ പോസിറ്റീവ് വൈബിന്റെ സൂചകമാണത്. ഒപ്പം ഉത്പ 25:22- ൽ കാണുന്ന റബേക്കായുടെ അനുഭവത്തോട് ചേർത്തുകാണാം. മൂത്തവൻ, ഇളയവന് വഴി മാറികൊടുക്കുന്ന ചരിത്രത്തിന്റെ ആവർത്തനംകൂടി നമുക്കുകാണാം. യോഹന്നാൻ മൂത്തവനാണെങ്കിലും യേശുവിന്റെ പക്കലേക്ക് ശിഷ്യരെ അയക്കുന്നതും നാം കാണുന്നുണ്ട്. നമ്മുടെ സാന്നിധ്യവും കണ്ടുമുട്ടലുകളും നമ്മുടെ സഹജീവികൾക്ക് സന്തോഷാനുഭവങ്ങൾ നൽകുന്നതാകാൻ ശ്രദ്ധിക്കാം.

2. ക്രിസ്തീയജീവിതം കൂട്ടായ്മയുടെ ജീവിതമാണ്. യേശുഅനുഭവത്തിന്റെ ആദ്യപടിയിൽനിന്നുകൊണ്ട് മറിയവും എലിസബത്തും പറഞ്ഞുതരുന്നത് അതാണ്. ദൈവം തൊട്ട രണ്ടുവ്യക്തികൾ പരസ്പരം അനുഭവങ്ങൾ പങ്കുവച്ചപ്പോൾ, അവർക്ക് അവരുടെ അനുഭവങ്ങളുടെ ആഴമറിയാൻ കഴിഞ്ഞു. അത് അവരിലെ മക്കൾക്കും പകർന്നുകിട്ടി. ആദ്യത്തെ സുവിശേഷത്തിന്റെ ആനന്ദനൃത്തം നടന്നത് രണ്ടുഗർഭപാത്രങ്ങളിൽതന്നെയെന്നത് മധുരതരമല്ലേ. പരസ്പരം രണ്ടുസ്ത്രീകൾ കലവറയില്ലാതെ അംഗീകരിക്കുന്നു, പ്രശംസിക്കുന്നു, അവർ ആനന്ദിക്കുന്നു, ദൈവകീർത്തനങ്ങൾ ആലപിക്കുന്നു. ക്രൈസ്തവജീവിതം ആനന്ദത്തിന്റേതാണ്, ആഘോഷത്തിന്റേതാണ്. അതുതന്നെയാണ് ആദിമക്രൈസ്തവജീവിതവും പ്രകടമാക്കുന്നത് (നട 2:42-47). നമുക്കും സന്തോഷമുള്ള ഒരു സമൂഹമാകാം.

3. ദൈവം സ്പർശിച്ചപ്പോൾ, മോശയും ഏശയ്യായുമൊക്കെ ആദ്യം തിരിച്ചറിഞ്ഞത് അവരുടെ എളിയ അവസ്ഥയാണ്. അതുപോലെ പരി. അമ്മയും ഏറ്റുപറയുന്നത് ശ്രദ്ധേയമാണ്: 'തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു' (വാ 48). ദൈവം കൈപിടിക്കുന്നവനാണോ- പിടിക്കുന്നവളാണോ നീ, നിന്റെ എളിയസ്ഥിതി നീ തിരിച്ചറിയും. അതേറ്റുപറയാൻ നീ തയ്യാറാകണം. അതാണ് ദൈവസ്പർശത്തിന്റെ അടയാളം.



www.malankaralibrary.com

4. പരി. അമ്മയുടെ സ്തോത്രഗീതം സുവിശേഷത്തിന്റെ മാറ്റൊലിയാണ്, പരസ്യജീവിതകാലത്ത് യേശു പ്രഖ്യാപിക്കുന്നതും നടപ്പിലാക്കുന്നതുമായ കാര്യങ്ങളുടെ നിഴലാട്ടമാണ്. സമൂഹം മാറ്റിനിർത്തിയവരെ, അവഗണിച്ചവരെ, തകർത്തുകളഞ്ഞവരെ തിരികെ അവരുടെ സ്വന്തമായ സ്വത്വങ്ങളിലേക്ക്, ഇരിപ്പിടങ്ങളിലേക്ക് കൈപിടിച്ചുനടത്തുമെന്നതിന്റെ ചില മുൻസൂചനകൾ (ലൂക്കാ 4:18–21, 6:20–26; 7:18–23). വിമോചനത്തിന്റെ സ്വാതന്ത്ര്യം അനുഭവിച്ചവരുടെ ആദ്യപ്രതിനിധിയാണ് പരി.അമ്മ. ശബ്ദമില്ലാതിരുന്ന സ്ത്രീത്വത്തിന്റെ ഉയിർത്തെഴുന്നേല്പ്. ഒന്നുറക്കെ ചിരിക്കാൻ, കരയാൻ, പാടാൻ, ആടാൻ, ഭയംകൂടാതെ സഞ്ചരിക്കാൻ കൊതിക്കുന്ന സ്ത്രീകളും അടിച്ചമർത്തപ്പെട്ടവരും നമ്മുടെ ചുറ്റുമുണ്ടെന്നോർക്കാം.

**ഡോ. ജേക്കബ് മുല്ലൂർ**

---

# പ്രസംഗം

## ദൈവസാന്നിധ്യവാഹകരാകാം

ഗബ്രിയേൽമാലാഖ പരിശുദ്ധകന്യാമറിയത്തിനു സന്ദേശം കൊടുത്തതിനുശേഷം, പരിശുദ്ധകന്യാമറിയം ദൈവത്തിന്റെ വചനം സ്വീകരിക്കുന്നതിലൂടെ ദൈവത്തിന്റെ മാതാവായി– ദൈവമാതാവായി– മാറുകയാണ്. ഈ വേദഭാഗം നൽകുന്ന സന്ദേശത്തിൽ ഒന്നാമത്തേത് വചനം സ്വീകരിച്ച ഒരു വ്യക്തിക്ക്– യേശുവിനെ സ്വീകരിച്ച ഒരു വ്യക്തിക്ക് തന്നിൽത്തന്നെ ഒതുങ്ങിനിൽക്കാൻ സാധിക്കുകയില്ല. തന്റെ സഹായം, തന്റെ സാന്നിധ്യം ആവശ്യമുള്ള ആളിനെ മനസ്സിലാക്കി ആ ആളിനെ സഹായിക്കാനായി പുറപ്പെടും. ലൂക്കാ സുവിശേഷകൻ പറയുന്നത് മറിയം തിടുക്കത്തിൽ യാത്ര പുറപ്പെട്ടുവെന്നാണ്. അതും മലമ്പ്രദേശത്തുള്ള പട്ടണത്തിലേക്ക്. ഗബ്രിയേൽ മാലാഖയിലൂടെ മറിയം അറിയുന്നുണ്ട് തന്റെ ഇളയമ്മ വാർധക്യത്തിൽ ഗർഭംധരിച്ചിരിക്കുന്നുവെന്ന്. എലിസബത്തിനെ സഹായിക്കുന്നതോടൊപ്പം ഗബ്രിയേൽ മാലാഖ അടയാളമായി പറഞ്ഞത് നേരിൽ കാണാനും പരിശുദ്ധമറിയത്തിനു സാധിക്കുന്നു.



www.malankaralibrary.com

ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനപ്പെട്ട രണ്ടു സ്ത്രീകളും രണ്ടുപുരുഷന്മാരും ഇവിടെ കണ്ടുമുട്ടുകയാണ്. സ്വർഗവും ഭൂമിയും കണ്ടുമുട്ടുമ്പോൾ അവർ നാലുപേരും പരസ്പരം തിരിച്ചറിയുകയാണ്. പരിശുദ്ധകന്യാമറിയത്തെ എലിസബത്ത് ആദ്യമായി 'കർത്താവിന്റെ അമ്മ' എന്നു വിളിക്കുകയാണ്. കന്യാമറിയം ദൈവത്തിന്റെ മാതാവായി മാറുകയാണ്.

എലിസബത്തിന്റെ ഉദരത്തിൽ കിടക്കുന്ന ശിശു കന്യാമറിയത്തിന്റെ ഉദരത്തിൽ കിടക്കുന്ന ശിശുവിനെ തിരിച്ചറിയുകയാണ്. അവൻ സന്തോഷത്താൽ കുതിച്ചുചാടുകയാണ്. സ്വർഗീയസന്തോഷം നിറഞ്ഞ അന്തരീക്ഷം ആ ഭവനത്തിൽ നിറയുകയാണ്. അങ്ങനെ 'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയുടെ ആദ്യഭാഗം ഗബ്രിയേൽമാലാഖ ചൊല്ലിയെങ്കിൽ അതിന്റെ രണ്ടാംഭാഗം എലിസബത്ത് പ്രാർത്ഥിക്കുകയാണ്: "നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലം അനുഗ്രഹീത"മെന്ന്.

പരിശുദ്ധ ദൈവമാതാവിനെ നാം സ്വീകരിക്കുമ്പോൾ, സ്വാഗതം ചെയ്യുമ്പോൾ യേശുവിനെയുംകൂടെയാണ് സ്വാഗതം ചെയ്യുന്നത്. ദൈവത്തിന്റെ വചനത്തിന് യേശുവിന്റെ രൂപംകൊടുത്ത, യേശുവിന്റെ മുഖംകൊടുത്ത മാതാവിന്റെ സാന്നിധ്യം സന്തോഷത്തിന്റെ സാന്നിധ്യമാണ്– സ്നേഹത്തിന്റെ സാന്നിധ്യമാണ്. എലിസബത്ത് മറിയത്തെ സ്തുതിച്ചുകൊണ്ട് പറയുന്നത്: "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" എന്നാണ്. വേദപുസ്തകത്തിൽ ദൈവവചനം ജീവിതത്തിന്റെ മാനദണ്ഡമാക്കുന്നവരെ, വചനം സ്വീകരിക്കുന്നവരെ 'ഭാഗ്യവാന്മാർ' എന്നാണ് പറയുന്നത്.

രക്ഷാകരപദ്ധതിയിലെ ഈ രണ്ടുവലിയ വ്യക്തികൾ തമ്മിൽ കണ്ടുമുട്ടുമ്പോൾ പരിശുദ്ധ ദൈവമാതാവ് ദൈവം തനിക്കു ചെയ്ത വലിയ കാര്യങ്ങളെയോർത്ത് 'സ്തോത്രം' പാടുകയാണ്, ശക്തനായ ദൈവമാണ് തനിക്കു 'വലിയ കാര്യങ്ങൾ' ചെയ്തതെന്ന്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം തന്നോടുകാണിച്ച കരുണ മറിയം തിരിച്ചറിയുകയാണ്. അതുകൊണ്ടുതന്നെ പഴയനിയമത്തിൽ (1 സാമു 2:1–10) ഹന്നായുടെ കീർത്തനം മറിയം ഇവിടെ ആവർത്തിക്കുന്നു. മക്കളില്ലാതെ മറ്റുള്ളവരാൽ അവഹേളിക്കപ്പെട്ട, അവഗണിക്കപ്പെട്ട ഹന്നാ അവൾക്ക് ഒരു മകനുണ്ടായപ്പോൾ ദൈവംകാണിച്ച



www.malankaralibrary.com

വലിയ കാരുണ്യത്തെ പ്രകീർത്തിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവ് അത് ഇവിടെ ആവർത്തിക്കുകയാണ്. പഴയനിയമത്തിൽ ശക്തനായ യഹോവ ചെയ്ത വലിയ കാര്യങ്ങളെല്ലാം സംഗ്രഹിച്ചുകൊണ്ട് പഴയനിയമത്തെയും പുതിയനിയമത്തെയും തമ്മിൽ മാതാവും എലിസബത്തും ബന്ധിപ്പിക്കുകയാണ്. യേശുവിന്റെ ജനനത്തിനുവേണ്ടിയുള്ള ഒരുക്കമായ 25 നോമ്പിലേക്ക് പ്രവേശിക്കുന്ന ഈ സമയത്ത് പരിശുദ്ധദൈവമാതാവിനെപ്പോലെ വചനത്തെ സ്വീകരിക്കാനും വചനത്തിന് യേശുവിന്റെ രൂപംകൊടുക്കാനും നമുക്ക് സാധിക്കട്ടെ.

**ഫാ. അബ്രഹാം പ്രസാദ് ചിറയിൽ oic**



www.malankaralibrary.com

Date of Publication: 13 October 2020 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2018-20, KL/CR/EKM/WPP-13/2018-2020 (Page 31)

# ശ്രദ്ധയ്ക്ക്

കോവിഡ് 19-ന്റെ പ്രതിരോധ - നിയന്ത്രണങ്ങളുടെ ഭാഗമായി അന്തർ സംസ്ഥാന തപാൽമാർഗം സുഗമമായിട്ടില്ലാത്തതിനാൽ ഒക്ടോബർമാസവചനബോധിയും തപാൽമാർഗം അയക്കാൻ നിർവാഹമില്ല. അതിനാൽ E-mail, Whats App, Online എന്നീ മാർഗങ്ങളിലൂടെ അയക്കുന്നു. സദയം സഹകരിക്കുമല്ലോ.

- ചീഫ് എഡിറ്റർ

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi*

www.malankaralibrary.com